(സി&ഡി) തുക എടുത്തുകഴിഞ്ഞാൽ അന്നുമുതൽ 2 വർഷത്തെ മോറട്ടോറിയം ലഭിക്കുന്നതാണ്. കടാശ്വാസ കാലാവധി അവസാനിക്കുമ്പോൾ കൊല്ലം ടെക്നോപാർക്ക് പ്രതിമാസം 1.07 കോടി രൂപയും ഇൻഫോ പാർക്ക് കൊച്ചി പ്രതിമാസം ഏകദേശം 82 ലക്ഷം രൂപയും ഇൻഫോ പാർക്ക് അമ്പലപ്പുഴ പ്രതിമാസം ഏകദേശം 6 ലക്ഷം രൂപയും തിരിച്ചടവായി അടയ്ക്കേണ്ടി വരും.

(ഇ) ടെക്നോസിറ്റിക്ക് മാത്രമായി ഇപ്പോൾ 366.57 കോടി രൂപയുടെ കടബാദ്ധ്യതയാണുള്ളത്. ഇത് സർക്കാർ ഗ്യാരന്റിയോടുകൂടി ഉള്ളതല്ല. ബാങ്കുകളുടെ കൺസോർഷ്യം മുഖേനയുള്ള വായ്പയാണ്.

(എഫ് & ജി) ടെക്നോസിറ്റിയിൽ ഈ വർഷം വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്. ഇവ പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ടെക്നോസിറ്റി പദ്ധതി നടപ്പിലാക്കുന്നതിനുള്ള എല്ലാവിധ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടന്നുവരികയാണ്. കേരളത്തിലെ ഐ.ടി.മേഖല നല്ല വളർച്ചാ നിരക്ക് കാണിക്കുന്നതിനാൽ ടെക്നോസിറ്റിയിൽ പുതിയ പദ്ധതികൾ വരാൻ താൽപ്പര്യം കാണിക്കുന്നുണ്ട്. അതിനാൽ വായ്പ തിരിച്ചടയ്ക്കുവാൻ ബുദ്ധിമുട്ട് ഉണ്ടാവില്ലെന്നാണ് പ്രതീക്ഷിക്കുന്നത്.

ഫ്രണ്ട്സ് ജനസേവനകേന്ദ്രം

7 (5665) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ടി. വകുപ്പിന് കീഴിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രം എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിൽ നിന്നും നിലവിൽ ലഭ്യമായിട്ടുള്ള സേവനങ്ങളെ കുറിച്ച് വിശദമാക്കാമോ ;

(സി) നിലവിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ ഏത് സോഫ്റ്റ് വെയറാണ് ഉപയോഗിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിനു പകരം പുതിയ സോഫ്റ്റ്വെയർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) പുതിയ സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്നതുകൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങളെയും സൗകര്യങ്ങളെയും കുറിച്ച് വിശദീകരിക്കാമോ ;

(എഫ്) പുതിയ സോഫ്റ്റ് വെയർ ഏത് ഏജൻസിയാണ് വികസിപ്പിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ജി) പുതിയ സോഫ്റ്റ്വെയർ എന്നു മുതൽ പൂർണ്ണമായും പ്രവർത്തനക്ഷമമാകുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഐ.ടി.വകുപ്പിന് കീഴിലുള്ള ഫ്രണ്ട്സ് ജനസേവന കേന്ദ്രം സംസ്ഥാനത്തെ 14 ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) വൈദ്യുതി ബില്ലുകൾ, വെള്ളക്കരം, കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയും മറ്റു നികുതികളും ലൈസൻസ് രജിസ്ട്രേഷൻ, പെർമിറ്റ്, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്കുള്ള ഫീസ്, ബി.എസ്.എൻ.എൽ. അതാത് ജില്ലകളിലെ ടെലിഫോൺ ബില്ലുകൾ, സെൽവൺ മൊബൈൽ ബില്ലുകൾ, ഭൂനികുതി, കെട്ടിടനികുതി, സിവിൽ സപ്ലൈസ് വകുപ്പിലെ ലൈസൻസ്, പെർമിറ്റ്, റേഷൻ കാർഡ്, നോൺ എക്സിക്യൂഷൻ സർട്ടിഫിക്കറ്റ്, സറണ്ടർ സർട്ടിഫിക്കറ്റ്, താത്കാലിക റേഷൻ കാർഡ് പിഴ. എന്നിവയ്ക്കുള്ള ഫീസ്, സർവ്വകലാശാല പരീക്ഷ/ഇതര ആവശ്യങ്ങൾ സംബന്ധിച്ച ഫീസുകൾ, പ്രൊഫഷണൽ ടാക്സ്, ട്രേഡേഴ്സ് ലൈസൻസ് ഫീസ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്-തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, എന്നീ ജില്ലകളിലെ കോൺട്രാക്ടർ, സൂപ്പർവൈസർ, വയർമാൻ എന്നിവരുടെ ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, സിനിമ ഇൻസ്പെക്ഷൻ ഫീസ്, ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ ടെസ്റ്റിംഗ് ഫീസ് തുടങ്ങിയവ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ നിലവിലുള്ള സേവനങ്ങളാണ്.

(സി & ഡി) തിരുവനന്തപുരം ഒഴികെയുള്ള ഫ്രണ്ട്സ് കേന്ദ്രങ്ങളിൽ സി-ഡിറ്റ് വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയർ ആണ് ഉപയോഗിക്കുന്നത്. തിരുവനന്തപുരം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ ഏപ്രിൽ മുതൽ എൻ.ഐ.സി. വികസിപ്പിച്ചെടുത്ത ഫ്രീ സോഫ്റ്റ്വെയർ പ്രവർത്തനം ആരംഭിച്ചു. മറ്റു ജനസേവന കേന്ദ്രങ്ങളിൽ ഘട്ടം ഘട്ടമായി പുതിയ സോഫ്റ്റ്വെയറിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതാണ്.

(ഇ) പുതിയ സോഫ്റ്റ്വെയർ വെബ് അധിഷ്ഠിതമാണ്. പുതിയ സംവിധാനം എല്ലാ ഫ്രണ്ട്സ് കേന്ദ്രങ്ങളിലും വിന്യസിച്ചാൽ ഏതു സ്ഥലത്തുനിന്നുമുള്ള പണമിടപാടും എല്ലാ ഫ്രണ്ട്സ് കേന്ദ്രങ്ങളിലും നടത്തുന്നതിനുള്ള സൗകര്യം ലഭിക്കും. ഫ്രണ്ട്സുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും കമ്പ്യൂട്ടർവത്കരണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഫ്രണ്ട്സിൽനിന്നും വകുപ്പുകളിലേക്കുള്ള പണമിടപാടുകളും മറ്റ് ബന്ധപ്പെട്ട ഡേറ്റകളും വിവരങ്ങളും വകുപ്പുകളിൽനിന്നും ഫ്രണ്ട്സിലേക്കുള്ള ഡേറ്റകളും ഓൺലൈനായി അറിയുവാനും പുതിയ സേവനങ്ങൾ വളരെ എളുപ്പത്തിൽ കൂട്ടിച്ചേർക്കുവാനും കഴിയും. ഭാവിയിൽ പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് മുഖേന സേവനങ്ങൾ നടത്താൻ ഈ സോഫ്റ്റ്വെയർ സഹായകമാകും.

(എഫ്) കേന്ദ്ര സർക്കാരിനുകീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക് സെന്റർ ആണ് പുതിയ സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തത്.

(ജി) തിരുവനന്തപുരം ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ പുതിയ സോഫ്റ്റ്വെയർ പ്രവർത്തനം ആരംഭിച്ചു. ഇത് മറ്റ് കേന്ദ്രങ്ങളിലും ഘട്ടം ഘട്ടമായി നടപ്പാക്കുന്നതാണ്.

ലോ റിഫോംസ് കമ്മീഷൻ ശുപാർശകൾ

8 (5667) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ ഏതെല്ലാം ശുപാർശകൾ നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) അതിൽ ഏതെല്ലാം ശുപാർശകൾ നാളിതുവരെ നടപ്പാക്കി ;

(സി) ഇനി ഏതെല്ലാം ശുപാർശകൾ നടപ്പാക്കാനുണ്ട് ;

(ഡി) അവ എന്നത്തേക്ക് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ഇ) അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റി സംസ്ഥാനത്തെ നിയമ പരിഷ്ക്കരണത്തെ സംബന്ധിച്ച് എന്തെല്ലാം ശുപാർഷകളാണ് നൽകിയിരുന്നതെന്ന് വിശദമാക്കുമോ ;

(എഫ്) ഇത് സംബന്ധിച്ച് സർക്കാർ ഏതെങ്കിലും കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നോ ;

(ജി) കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(എച്ച്) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഐ) ലോ റിഫോംസ് കമ്മീഷന്റെ ഏതെല്ലാം ശുപാർശകൾ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(ജെ) ഇനി ഏതെല്ലാം ശുപാർശകൾ നടപ്പാക്കാനുണ്ട് ?

ഉത്തരം

(എ -ഡി) ഇ. കെ. നായനാർ ചെയർമാനായി രൂപീകരിച്ച മൂന്നാമത് ഭരണപരിഷ്ക്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1, 2, 3, 4, 6, 7, 8, 10, 11, 12, 13 നമ്പറുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശുപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അവ നടപ്പിലാക്കിവരുകയും ചെയ്യുന്നു. റവന്യു, ലാന്റ് ബോർഡ്, രജിസ്ട്രേഷൻ, സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ്, സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുടെ പ്രത്യേക ഭരണ പരിഷ്കാരങ്ങൾ സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകൾ, ഉദ്യോഗസ്ഥതല പരിഷ്കാരം സംബന്ധിച്ച ഒൻപതാമത് റിപ്പോർട്ടിലെ ശുപാർശകൾ, സെക്രട്ടേറിയറ്റ് പരിഷ്കാരം

LIBRARY ARCHIVES Kerala Legislative Assembly